# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/212/2016 പത്രക്കുറിപ്പ് 2016 ഒക്ടോബർ 03

## എം.ജി ബിരുദാനന്തര ബിരുദ ഏകജാലകം: എസ്.സി/എസ്.ടി രണ്ടാം സ്പെഷ്യൽ അലോട്മെന്റിന് ഓപ്ഷൻ 5 വരെ പുനഃക്രമീകരിക്കാം

ഒക്ടോബർ 7ന് നടക്കുന്ന ബിരുദാനന്തര ബിരുദ പ്രവേശനത്തിന്റെ എസ്.സി/എസ്.ടി വിഭാഗക്കാർക്കായുള്ള രണ്ടാം സ്പെഷ്യൽ അലോട്മെന്റിന് പരിഗണിക്കപ്പെടുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നേരത്തെ നൽകിയ ഓപ്ഷനുകൾ പുനഃക്രമീകരിക്കുവാൻ ഒക്ടോബർ 5ന് വൈകിട്ട് 5 മണി വരെ സൗകര്യമുണ്ട്. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ് വേഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനക്രമീകരണം നടത്താം. പുതുതായി കോളജുകളോ, പ്രോഗ്രാമുകളോ കൂടുതലായി കൂട്ടിച്ചേർക്കുവാൻ സാധിക്കുകയില്ല. ഒന്നാം സ്പെഷ്യൽ അലോട്മെന്റ് വഴി പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് നിലവിൽ ലഭിച്ച അലോട്മെന്റിൽ തൃപ്തരാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യണം. അങ്ങനെ ചെയ്യാത്തപക്ഷം രണ്ടാം അലോട്മെന്റിൽ പുതുതായി ഹയർ ഓപ്ഷനിലെ മറ്റൊരു പ്രോഗ്രാമിലേക്ക്/കോളജിലേക്ക് അലോട്മെന്റ് ലഭിക്കുകയാണെങ്കിൽ പുതുതായി അലോട്മെന്റ് ലഭിച്ച പ്രോഗ്രാമിൽ/കോളജിൽ നിർബന്ധമായും പ്രവേശനം നേടണം. ആദ്യ അലോട്മെന്റ് റദ്ദാക്കപ്പെടുകയും ചെയ്യും.

## പുനഃക്രമീകരിച്ച പരീക്ഷാ തീയതി

സെപ്തംബർ 29ന് നടത്തുവാൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചുതുമായ മൂന്നാം വർഷ ബി.പി.റ്റി (പുതിയ സ്കീം–2008 മുതലുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 7നും, നാലാം സെമസ്റ്റർ എം.ബി.എ (പുതിയ സ്കീം – 2014 അഡ്മിഷൻ റഗുലർ/2012–13 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 17നും നടത്തും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

## പരീക്ഷാ തീയതി

ഒന്നാം വർഷ ബി.എസ്.സി (എം.ആർ.ടി – 2015 അഡ്മിഷൻ റഗുലർ, 2015 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 21ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 7 വരെയും 50 രൂപ പിഴയോടെ 13വരെയും 500 രൂപ സൂപ്പർഫൈനോടെ 15 വരെയും സ്വീകരിക്കും.

## അപേക്ഷാ തീയതി

എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ് ഒന്നാം സെമസ്റ്റർ (2015 അഡ്മിഷൻ), മൂന്നാം സെമസ്റ്റർ (2014 അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ ഒക്ടോബർ 13 വരെയും 50 രൂപ പിഴയോടെ 14 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും അപേക്ഷകൾ സ്വീകരിക്കും. പരീക്ഷാ തീയതി പിന്നീട്.

## പരീക്ഷാ ഫലം

2016 ആഗസ്റ്റ് മാസം നടത്തിയ രണ്ടാം വർഷ എം.ഫാം ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.പുതുപ്പള്ളി ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസലെ റീന എസ്. എസ് (1244/1600) ഒന്നാം റാങ്കും, ലിബി ട്രീസാ ഫ്രാൻസിസ്, മിഥുൻ കെ. സെബാസ്റ്റ്യൻ (1191/1600) എന്നിവർ രണ്ടാം റാങ്കും, ആതിര ബി (1177/1600) മൂന്നാം റാങ്കും നേടി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ഒക്ടോബർ 20 വരെ സ്വീകരിക്കും.

## എം.ടെക് കംപ്യൂട്ടർ സയൻസ് ആന്റ് ടെക്നോളജി: സ്പോട് അഡ്മിഷൻ

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസിൽ 2016–18 വർഷത്തെ എം.ടെക് കംപ്യൂട്ടർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട് അഡ്മിഷൻ നടത്തും. താൽപര്യമുള്ളവർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 7ന് രാവിലെ 10 മണിക്ക് നേരിട്ട് ഹാജരാകണം. എം.ജി സർവ്വകലാശാല അംഗീകരിച്ച 55 ശതമാനം മാർക്കോടെയുള്ള ബി.ടെക് കംപ്യൂട്ടർ

സയൻസ് ആന്റ് എഞ്ചിനീയറിംഗ്/ടെക്നോളജി അല്ലെങ്കിൽ ബി.ടെക് ഇൻഫർമേഷൻ ടെക്നോളജി അല്ലെങ്കിൽ തത്തുല്യ എഞ്ചിനീയറിംഗ് ബിരുദം ആണ് യോഗ്യത. എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിലുള്ളവർക്ക് നിയമാനുസരണമുള്ള മാർക്കിളവ് ലഭിക്കും. ഫോൺ 0481–2731037.

## പൂർവ്വവിദ്യാർത്ഥി സംഗമം

ഗാന്ധി ജയന്തി വാരാഘോഷത്തോടനുബന്ധിച്ച് എം.ജി സർവ്വകലാശാല ഗാന്ധിയൻ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിലെ പൂർവ്വവിദ്യാർത്ഥികളുടെ സംഗമം നാളെ (ഒക്ടോബർ 5ന്, ബുധനാഴ്ച) 2 മണിക്ക് ഗാന്ധിഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടത്തും. എല്ലാ പൂർവ്വവിദ്യാർത്ഥികളും കൃത്യസമയത്ത് തന്നെ എത്തിച്ചേരണമെന്ന് വകുപ്പ് അദ്ധ്യക്ഷൻ അറിയിച്ചു.

## അദ്ധ്യാപക രക്ഷകർതൃയോഗം

ഗാന്ധിയൻ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപക രക്ഷാകർതൃ യോഗം ഇന്ന് (ഒക്ടോബർ 4) ഉച്ചയ്ക്ക് 2 മണിക്ക് ഗാന്ധി ഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടത്തും. എല്ലാ രക്ഷകർത്താക്കളും എത്തിച്ചേരണം.

## സർവ്വകലാശാല യൂണിയൻ ഭാരവാഹികൾ

എം.ജി സർവ്വകലാശാല യൂണിയന്റെ 2015–16 ലെ ഭാരവാഹികളെ തെരഞ്ഞെടുത്തു. വി. അജയ് നാഥ് (കോട്ടയം സി.എം.എസ് കോളജ്) ചെയർമാനായും, അഞ്ജന സുധാകരൻ (ഏറ്റുമാനൂരപ്പൻ കോളജ്), അഖിൽ ചന്ദ്രൻ റ്റി (എറണാകുളം ലോ കോളജ്), അശ്വിൻരാജ് (പീരുമേട് ആദിത്യ ഇൻസ്റ്റിറ്റ്യൂട്ട്) എന്നിവർ വൈസ് ചെയർമാന്മാരായും, അനീഷ് കുമാർ എം (പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്) ജനറൽ സെക്രട്ടറിയായും, ജിഷ്ണു എം. ബി (കട്ടപ്പന ഗവ. കോളജ്), സുബിൻ സാബു (ചങ്ങനാശ്ശേരി എസ്.ബി കോളജ്) എന്നിവർ ജോയിന്റ് സെക്രട്ടറിമാരായും, എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർമാരായി ബസിത് എം.എസ് (പെരുമ്പാവൂർ ജയ് ഭാരത് കോളജ്), അജിൻ ആന്റോ (മണിമലക്കുന്ന് ഗവ. കോളജ്), സിബിൾ സണ്ണി (മൂവാറ്റുപുഴ നിർമ്മല കോളജ്), മൻസൂർ സക്കീർ (കോതമംഗലം ഇന്ദിരാഗാന്ധി കോളജ്), അനൂപ് വി.എസ് (ചുട്ടിപ്പാറ എസ്.എം.ഇ), അച്ചു വിൽസൺ (മാന്നാനം കെ.ഇ കോളജ്), വീണ സി.എസ് (തലയോലപ്പറമ്പ് ഡി.ബി കോളജ്), യദുകൃഷ്ണൻ എം (തൃപ്പൂണിത്തുറ ഗവ. കോളജ്), ശ്രീലക്ഷ്മി എസ് (കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജ്), ശ്യാംലാൽ എം.എസ് (എം.ജി സർവ്വകലാശാല), വിഷ്ണു ബാലൻ (എം.ജി സർവ്വകലാശാല), അഖിൽ എസ്.എൽ (ഇടുക്കി ഗവ. എഞ്ചിനീയറിംഗ് കോളജ്), വിമൽ വി. നായർ (രാജകുമാരി എൻ.എസ്.എസ് കോളജ്), അഞ്ചു മാത്യു (റാന്നി സെന്റ് തോമസ് കോളജ്), ഗൗതം സ്റ്റാലിൻ (കോഴഞ്ചേരി സെന്റ് തോമസ് കോളജ്), അക്കൗണ്ട്സ് കമ്മിറ്റി അംഗങ്ങളായി ഷെറിൻ എം. മാത്യു (മല്ലപ്പള്ളി കോളജ് ഓഫ് അപ്ലൈഡ് സയൻസ്), അർജുൻ പ്രിൻസ് (തൊടുപുഴ ഗുരു നാരായണ കോളജ്), ശ്രീലാൽ പങ്കജാക്ഷൻ (എറണാകുളം മഹാരാജാസ് കോളജ്), മുഹമ്മദ് യാസിർ (കളമശ്ശേരി അൽബേർഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട്), ദമത്ത് ലാൽ പി. എം (പരുമല ഡി.ബി പമ്പാ കോളജ്) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**